# കേര കർഷകർക്ക് നീര വരമാകുന്നു
# 17 തെങ്ങിൽ നിന്ന് ആദ്യ മാസം 87,537 രൂപ

കൊച്ചി: പതിനേഴ് തെങ്ങിൽ നിന്ന് കൊല്ലം കരുനാഗപ്പള്ളി സ്വദേശി മാധവൻകുട്ടിക്ക് ലഭിച്ചത് 87,537 രൂപ. നീര ചെത്താൻ തെങ്ങ് വിട്ടു നൽകിയതിലൂടെയാണ് മാധവൻകുട്ടിക്ക് ഇത്രയും വരുമാനം ലഭിച്ചത്.

നീരയിലൂടെ പ്രതിമാസം 20,000-ലധികം രൂപ വരുമാനമുണ്ടാക്കുന്ന ഒട്ടേറെ പേർ ഇന്ന് കേരളത്തിലുണ്ടെന്ന് നാളികേര വികസന ബോർഡിൻെറ കണക്കുകൾ സൂചിപ്പിക്കുന്നു.

'നീര വിപ്ലവ'ത്തിലൂടെ കേരള നാളികേര വികസന ബോർഡും കേര കർഷകരുടെ ത്രിതല കൂട്ടായ്മകളും നാളികേര കൃഷിക്ക് പുതിയൊരു മുഖം നൽകുകയാണ്. കൈപ്പുഴ നാളികേര ഉത്പാദക കമ്പനിയാണ് പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരെ കൊണ്ട് തെങ്ങുകൾ ചെത്തിച്ചു തുടങ്ങിയത്. ലഭിച്ചതിൽ നല്ലൊരു ഭാഗം നീര തേനാക്കി മാറ്റിക്കഴിഞ്ഞു. 47 കിലോ നീര ജാമും തയ്യാറാക്കുന്നുണ്ട്. ചെത്തിയെടുത്ത ബാക്കി നീര ശീതളപാനീയമാക്കി വിപണിയിലെത്തിക്കാൻ ഹോർട്ടികോർപ്പിന് കൈമാറും. കൊല്ലത്തെ ആശ്രാമം മൈതാനത്ത് നടക്കുന്ന മേളയിലെ വനിതാ മാർക്കിൻെറ സ്റ്റാളിൽ നീര പാനീയം ലഭ്യമാണ്.വരും മാസങ്ങളിൽ എക്സൈസ് വകുപ്പ് മാർക്ക് ചെയ്ത മറ്റു കർഷകരുടെ തെങ്ങുകൾ നീരയ്ക്കായി ചെത്തിത്തുടങ്ങും. നീര ചെത്തുന്നതിനും പുളിക്കാതെ സംസ്കരിച്ചെടുക്കുന്നതിനുമായി കമ്പനി ഉപയോഗിക്കുന്നത് ബോർഡിൻെറ തന്നെ സാങ്കേതിക വിദ്യയാണ്. കടൽത്തീരങ്ങളിലെ തെങ്ങുകളിൽ നിന്നാണ് കൂടുതൽ നീര ലഭിക്കുന്നതെന്ന് ബോർഡ് അറിയിച്ചു.